LIBRARY ARCHIVES Kerala Legislative Assembly

പുതിയ ചെക്ക് പോസ്റ്റുകൾ

17 (2465) ശ്രീമതി രാധാരാഘവൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എം. പി. ഗംഗാധരൻ : താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് പുതിയ ചെക്ക് പോസ്റ്റുകൾ ആരംഭിക്കുവാൻ ഉദ്ദേശ്യമുണ്ടോ ; ഉണ്ടെങ്കിൽ എത്രയെണ്ണം എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

ഈ കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

വയനാട് ലക്കിടിയിൽ സെയിൽസ് ടാക്സ് ചെക്ക് പോസ്റ്റ് ആരംഭിക്കാൻ നടപടി

18 (2466) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ ലക്കിടി വഴിയുള്ള ചുരംവഴി സെയിൽസ് ടാക്സ് വെട്ടിച്ച് സാധനങ്ങൾ കടത്തിക്കൊണ്ടുപോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സെയിൽസ് ടാക്സ് വെട്ടിപ്പ് തടയുന്നതിന് ലക്കിടിയിൽ ഒരു സെയിൽസ് ടാക്സ് ചെക്ക് പോസ്റ്റ് പ്രവർത്തനം ആരംഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 4-6-2003 മുതൽ ഒരു താൽക്കാലിക ചെക്ക് പോസ്റ്റ് ലക്കിടിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

അനധികൃത നിയമനം നടത്തിയതിനെതിരെ വിജിലൻസ് അന്വേഷണം

19 (2467) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്പന നികുതി വകുപ്പിൽ ഇൻസ്പെക്ടർ കേഡറിൽ ഈ സർക്കാർ എത്ര പേരെ നേരിട്ടു നിയമിച്ചിട്ടുണ്ട് ; ലിസ്റ്റ് ലഭ്യമാക്കുമോ ;

(ബി) പോലീസ് വകുപ്പിൽ സബ് ഇൻസ്പെക്ടർ ട്രെയിനിയായ ഒരാളെ അംഗവൈകല്യത്തിന്റെ പേരിൽ നേരിട്ട് സെയിൽസ് ടാക്സ് ഇൻസ്പെക്ടറായി നിയമനം നടത്താൻ ഒരു സീറ്റ് റിസർവ് ചെയ്യുവാൻ സർക്കാർ നിർദ്ദേശിച്ചതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ഈ ഓർഡറിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ഇതിനായി ഇൻസ്പെക്ടർ നിയമന ചട്ടങ്ങളിൽ ഇളവ് വരുത്തിയിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) അംഗവൈകല്യമുണ്ടായാൽ അയാളെ ടിയാന്റെ വകുപ്പിൽ നിയമിക്കാൻ സംവിധാനമുള്ളപ്പോൾ എന്തുകൊണ്ടാണ് സെയിൽസ് ടാക്സ് ഇൻസ്പെക്ടറായി നിയമിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(എഫ്) ഇപ്രകാരം സർവീസ് ചട്ടങ്ങളിൽ ഇളവു വരുത്തി അനധികൃത നിയമനം നടത്തുന്നതു തടയുവാനും അതിനുള്ള നടപടികൾ സ്വീകരിച്ച ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തികളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുവാനും സർക്കാർ തയ്യാറാകുമോ ?

ഉത്തരം

(എ) വില്പന നികുതി വകുപ്പിൽ ഇൻസ്പെക്ടർ കേഡറിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരെയും നേരിട്ട് നിയമിച്ചിട്ടില്ല.

(ബി) പോലീസ് വകുപ്പിൽ സബ് ഇൻസ്പെക്ടർ ട്രെയിനിയായ ഒരാളെ മെഡിക്കൽ ബോർഡിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത തസ്തികയ്ക്ക് അനുയോജ്യനല്ലെന്ന് കണ്ടതിന്റെ വെളിച്ചത്തിൽ സമാന തസ്തികയിൽ സെയിൽസ് ടാക്സ് വകുപ്പിലോ തൊഴിൽ വകുപ്പിലോ നിയമിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി) കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി-എഫ്) പരിശോധിച്ചുവരുന്നു.

ട്രഷറികളിലെ നിക്ഷേപം വർദ്ധിപ്പിക്കാൻ പ്രത്യേക പദ്ധതി

20 (2468) ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ട്രഷറികളിലും ഗവൺമെന്റ് ഉടമസ്ഥതയിലുള്ള മറ്റ് ധനകാര്യ സ്ഥാപനങ്ങളിലും പണം നിക്ഷേപിക്കുന്നവർക്ക് നൽകുന്ന പലിശയിലും ആനുകൂല്യങ്ങളിലുമുള്ള കുറവുമൂലം നിക്ഷേപകർ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെ കൂടുതലായി ആശ്രയിക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിക്ഷേപകരെ ആകർഷിക്കുന്നതിനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly